Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - SGRY പദ്ധതിയുടെ കൺവീനർക്ക് 2012-13 ലെ വികസന ഫണ്ടിൽ വകയിരുത്തി തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) നം:3068/2012/തസ്വഭവ തിരുവനന്തപുരം,തീയതി, 06/11/2012

---

പരാമർശം :-(1). WP (C) No. 4534/2012 ലെ 09/08/2012 ലെ വിധിന്യായം

(2). കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 12/09/2012 ലെ എ7-1918/2010 നമ്പർ കത്ത്

ഉത്തരവ്

കൊല്ലം ജില്ലാ പഞ്ചായത്ത് SGRY പദ്ധതിയിൽ ഉൾപ്പെടുത്തി സംയുക്ത പ്രോജക്ടായി 2005-2006 വർഷം ഏറ്റെടുത്തിരുന്ന കൈപ്പള്ളി കോട്ടപ്പൊയ്ക പാറക്കടവ് പാലം പണിയുടെ കൺവീനറായിരുന്ന ശ്രീ.കെ.സുരേന്ദ്രൻ ആചാരിക്ക് ബിൽ തുക കാലതാമസം കൂടാതെ 2-ാം എതിർകക്ഷിയായ കൊല്ലം ജില്ലാ പഞ്ചായത്ത് നൽകണമെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ബാധ്യത ജില്ലാ പഞ്ചായത്തിന്റെ 2012-13 ലെ വികസന ഫണ്ടിൽ വകയിരുത്തി തീരുമാനിക്കുകയും ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. പ്രോജക്ടുകൾക്ക് നിശ്ചിത മാർഗ്ഗ നിർദ്ദേശങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ചുള്ള അംഗീകാരം നേടിയെടുക്കുന്നതിനു സമയം എടുക്കും എന്നതിനാൽ കോടതി അനുവദിച്ചിട്ടുള്ള സമയപരിധിയായ 23/11/2012 നകം ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാൻ കഴിയില്ലെന്നും ആയതിനാൽ ഈ വിഷയം പ്രത്യേകമായി പരിഗണിച്ച് അംഗീകാരം നൽകണമെന്നും ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് റിക്വിസിഷൻ വാങ്ങി ജില്ലാ പഞ്ചായത്ത് ഫണ്ട് പ്രസ്തുത പഞ്ചായത്തിനു നൽകി SGRY പേയ്മെന്റ് നടത്തുന്നതിനാവശ്യമായ ഉത്തരവുണ്ടാകണമെന്നും പരാമർശം (2) ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പ്രകാരം 2012-13 വർഷത്തെ വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഈ പദ്ധതിക്ക് അംഗീകാരം നൽകുന്നതിനും ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് റിക്വിസിഷൻ വാങ്ങി ജില്ലാ പഞ്ചായത്ത് ഫണ്ട് ടി പഞ്ചായത്തിനു നൽകി SGRY പേയ്മെന്റ് നടത്തുന്നതിനും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**ജി. ശിവപ്രസാദ്**

അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ആഡിറ്റ്), കേരള, തിരുവനന്തപുരം
3. സെക്രട്ടറി, ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത്
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8. കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

32330_DD2_12_Order mal.doc